**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4109** | **03-03-2023 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച കത്ത് എന്നാണ് തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ചത്; കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | അമ്പലപ്പുഴ സർക്കാർ കോളേജ് സ്ഥിതി ചെയ്യുന്ന അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ കത്ത് 17/06/2017 തീയതിയിലാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭിച്ചത്.<br>(കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) | ഇതുസംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർക്ക് എന്നാണ് കത്ത് നൽകുന്നത്; | (ബി) | 13/04/2021 -ൽ |
| (സി) | പ്രസ്തുത കത്തിന് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും എന്നാണ് മറുപടി ലഭിച്ചതെന്നും മറുപടി ലഭിച്ചിട്ടില്ലെങ്കിൽ ഇതുസംബന്ധിച്ച് എത്ര കത്തുകൾ, ഓർമ്മക്കുറിപ്പുകൾ തുടങ്ങിയവ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയെന്നും കത്തുകളുടെ കോപ്പികൾ സഹിതം വ്യക്തമാക്കാമോ; | (സി) | പ്രസ്തുത കത്തിന് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.<br>തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 13.04.2021 തീയതിയിലെ RC4/165/2019/LSGD നമ്പർ കത്ത് പ്രകാരവും 03.09.2021-ലെ അണ്ടർ സെക്രട്ടറിയുടെ അതേ നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരവും റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ഇപ്പോൾ ഈ വിഷയം കൈകാര്യം ചെയ്തുവരുന്ന തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ 01.10.2022 തീയതിയിലെ RE1/60/2022/LSGD നമ്പർ കത്ത് പ്രകാരവും 01.03.2023 തീയതിയിലെ അതേ നമ്പർ ഓർമ്മക്കുറിപ്പ് മുഖേനയും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.<br>(കത്തുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). |
| (ഡി) | പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടോ; വിവരങ്ങൾ | (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴയ്ക്ക് 22/04/2021, 23/04/2021 എന്നീ തീയതികളിൽ കത്തയയ്ക്കുകയും, അതിൻ പ്രകാരം |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്നതിനായി ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പൂർണ്ണ വിവരം ലഭ്യമാക്കാമോ; | | ലഭ്യമാക്കിയ പ്രൊപ്പോസലിലെ അപാകതകൾ പരിഹരിക്കുന്നതിനായി 05.12.2021-ൽ കത്തും 03.12.2022-ൽ ഓർമ്മകുറിപ്പും പഞ്ചായത്ത് ഡയറക്ടർ അയച്ചിട്ടുണ്ട് |
| (ഇ) | ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെയും കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (ഇ) | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 21.07.2016-ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും, 05.10.2016-ൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിലെ അവസ്ഥ അറിയിക്കുന്നതിനായി ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 04.02.2019, 20.03.2020, 05.08.2021 എന്നീ തീയതികളിൽ പഞ്ചായത്ത് ഡയറക്ടർക്ക് കത്തുകളും അയച്ചിരുന്നു. 13.08.2021-ൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് 13.09.2021-ൽ ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ രേഖാമൂലം അറിയിക്കുകയും, തുടർന്ന് 22.10.2021-ൽ അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ പ്രൊപ്പോസൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴ 22.11.2021-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നല്കുകയുമുണ്ടായി. 05.12.2021-ൽ പഞ്ചായത്ത് ഡയറക്ടർ അപാകതകൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയ്ക്ക് നൽകിയ കത്ത്, അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അയച്ചു നല്കുകയും, 07.01.2023-ൽ അത് സംബന്ധിച്ച് ഓർമ്മക്കുറിപ്പ് അയക്കുകയുമുണ്ടായി. ആയതിൻ പ്രകാരം അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23.02.2023-ൽ സമർപ്പിച്ച രേഖകളിന്മേൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആലപ്പുഴയുടെ ഓഫീസിൽ നടപടി പുരോഗമിച്ചു വരികയാണ്.<br><br>(മേൽ പ്രകാരമുള്ള നടപടികളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (എഫ്) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ., ജില്ലാ കളക്ടർ തുടങ്ങിയവർ പങ്കെടുത്ത മീറ്റിംഗിലെ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശം സമയബന്ധിതമായി പാലിക്കുന്നതിനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികൾ | (എഫ്) | ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

**ഭരണഭാഷ – മാതൃഭാഷ**

**സി2–33902/16**

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 05/5/2017

പഞ്ചായത്ത് ഡയറക്ടർ

പ്രിൻസിപ്പൽ സെക്രട്ടറി
തിരുവനന്തപുരം.

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് – ആലപ്പുഴ – അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നത് – റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് –

സൂചന :
1. സർക്കാരിന്റെ 11.02.11ലെ സ ഉ(സാധാ) 454/2011 നമ്പർ ഉത്തരവ്.
2. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04/7/16ലെ VIII(1) നമ്പർ തീരുമാനം.
3. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/7/2016ലെ എ3–2213/16–ാം നമ്പർ കത്ത്.
4. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05/10/16ലെ സി1–7342/16 നമ്പർ കത്ത്.

സൂചനയിലേക്ക് സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു.

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അമ്പലപ്പുഴ വില്ലേജ് ബ്ളോക്ക് നമ്പർ 15, റീ സർവേ 588/3ൽ പെട്ട 1.64.20 ഹെക്ടർ പുറമ്പോക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുനല്കുന്നതിനുള്ള അനുമതിക്കായി സൂചന (2) പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അമ്പലപ്പുഴ വില്ലേജ് ബ്ളോക്ക് നമ്പർ 16–ൽ റീസർവ്വേ നമ്പർ 588/3–ൽ ഉൾപ്പെട്ട 01.64.20 ഹെക്ടർ പുറമ്പോക്ക് സ്ഥലം അതിന്റെ ഉടമസ്ഥത ഗ്രാമപഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗവണ്മെന്റ് കോളേജിന് കെട്ടിടം പണിയുന്നതിലേക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് അനുമതി നൽകുന്നതിന് 11/2/2011 ലെ സ ഉ (സാധാ) 454/2011

തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗവൺമെന്റ് കോളേജിന്റെകെട്ടിടം പണി പൂർത്തിയായിട്ടുണ്ട് എന്നും ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിൽക്കുന്നതിനാൽ യു.ജി.സി. ഗ്രാന്റ് ലഭിക്കാതെ വരുകയും കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഇത് തടസ്സം സൃഷ്ടിക്കുകയും ചെയ്യുമെന്നതിനാലാണ് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത് എന്നും ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലുള്ള ഭൂമി 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം വിൽപ്പന വഴിയോ ചട്ടം 7 പ്രകാരം ലൈസൻസിൽ മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വസ്തുക്കൾ സൗജന്യമായി നൽകാൻ ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. വസ്തുവിന്റെ ഉടമസ്ഥത ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചാൽ മാത്രമേ യു.ജി.സി. ഗ്രാന്റ് ലഭിക്കുകയുള്ളു എന്ന സാഹചര്യം കണക്കിലെടുത്ത് ടി ചട്ടങ്ങളിൽ ഇളവ് വരുത്തി പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ഉടമസ്ഥത ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനാണ് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് കാണുന്നു.

*പ്രസ്തുത സ്ഥലത്തിന്റെ ബി.റ്റി.ആർ. പരിശോധിച്ചതിൽ സർവേ നമ്പർ 588/3ൽ ഉൾപ്പെട്ട 1.64.20 ഹെക്ടർ സ്ഥലം കുളം പുറമ്പോക്ക് ആണെന്ന് കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 (1)-ാം പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കപ്പെട്ട കുളം പുറമ്പോക്ക് ഇനത്തിൽപ്പെട്ട ഭൂമി പതിച്ചു നൽകുന്നതിനോ അന്യാധീനപ്പെടുത്തുന്നതിനോ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ബി.റ്റി.ആർ. ഉൾപ്പെടെയുള്ള അനുബന്ധ രേഖകളും സർക്കാർ* തീരുമാനത്തിനായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

എം.എസ്.നാരായണൻ നമ്പൂതിരി
ജോയിന്റ് ഡയറക്ടർ (വികസനം)
പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

പി.എൽ.08.5.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

നമ്പർ.ആർസി4/165/2019/തസ്വഭവ 13/04/2021,തിരുവനന്തപുരം

പ്രേഷകൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

പഞ്ചായത്ത് ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ - അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 11-1-2011 ലെ സ.ഉ.(സാധാ)നം. 454/2011/തസ്വഭവ നം. ഉത്തരവ്.

2. താങ്കളുടെ 05.05.2017 ലെ സി2-33902/16 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അമ്പലപ്പുഴ വില്ലേജ് ബ്ളോക്ക് നം.15, റീസർവ്വേ 588/3 ൽപ്പെട്ട 1.64.20 ഹെക്ടർ പുറംപോക്ക് ഭൂമി, ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തി കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന് അനുവാദം നൽകാൻ അമ്പലപ്പുഴ ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി സൂചന ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശിത ഭൂമി പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി ആയതിനാൽ പ്രസ്തുത ഭൂമി ആക്ടിന്റെ 218(3) പ്രകാരം സർക്കാരിൽ പുനർനിക്ഷിപ്തമാക്കിയാൽ മാത്രമേ ഉന്നതവിദ്യാഭ്യാസ വകുപ്പിന് ഭൂമി വികസന പ്രവർത്തനങ്ങൾക്കായി വിട്ട് നൽകാൻ സാധിക്കൂ. അതിനാൽ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ, സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ആവശ്യമായ രേഖകൾ, കരട് വിജ്ഞാപനം, താങ്കളുടെ വ്യക്തമായ ശുപാർശ എന്നിവ സഹിതം സർക്കാരിലേക്ക് അടിയന്തിരമായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

**മദീന ബീഗം. എ**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

മദീന ബീഗം. എ
അണ്ടർ സെക്രട്ടറി

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
തീയതി :03/09/2021

**<u>അർദ്ധ ഔദ്യോഗിക കത്ത് നം. ആർസി4/165/2019/തസ്വഭവ</u>**

പ്രിയപ്പെട്ട സാർ,

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നത് സംബന്ധിച്ച് ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ, സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ആവശ്യമായ രേഖകൾ, കരട് വിജ്ഞാപനം, താങ്കളുടെ വ്യക്തമായ ശുപാർശ എന്നിവ സഹിതം സർക്കാരിലേക്ക് അടിയന്തിരമായി ലഭ്യമാക്കുവാൻ 13.04.2021 ലെ സർക്കാർ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് നാളിതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം അറിയിക്കുന്നു. ആയതിനാൽ താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ചെലുത്തി ആവശ്യപ്പെട്ട രേഖകൾ മടക്കത്തപാലിൽ തന്നെ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു..

ആത്മാർത്ഥതയോടെ,

മദീന ബീഗം. എ

ശ്രീ. എച്ച്. ദിനേശൻ. ഐ. എ. എസ്
പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ . ഇ )വകുപ്പ്
തിരുവനന്തപുരം
ഇമെയിൽ lsgd.reso@gmail.com
ഫോൺ - 0471 2518874

നമ്പർ.RE1/60/2022-LSGD തീയ്യതി, 01-10-2022.

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ . ഇ )വകുപ്പ് ആലപ്പുഴ ജില്ല - തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അമ്പലപ്പുഴ സർക്കാർ കോളേജിനായി കൈമാറുന്നത് - സംബന്ധിച്ച്.

സൂചന:- 1) അമ്പലപ്പുഴ സർക്കാർ കോളേജ് പ്രിസിപ്പലിന്റെ 14.01.2022 ലെ a1/265/2021/GCAPZA നമ്പർ കത്ത്.

2) ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള 31.12.2021 ൽ നടത്തിയ യോഗത്തിന്റെ മിനുട്സ്

മേൽ സൂചന കത്തിലേയ്ക്കും, ആലപ്പുഴ ജില്ലാകളക്ടറുടെ യോഗനടപിടി കുറിപ്പുകളിലെയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കിയാൽ മാത്രമേ പ്രസ്തുത ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറി നൽകാൻ സാധിക്കുകയുള്ളൂ. മേൽ സാഹചര്യത്തിൽ സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി, ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്നത് സംബന്ധിച്ച ഈ വിഷയം പരിശോധിച്ച് താങ്കളുടെ വ്യക്തവും, പൂർണ്ണവുമായ പ്രൊപോസൽ

റിപ്പോർട്ട് സഹിതം അടിയന്തിരമായി ലഭ്യമാക്കുവാൻ നിർദ്ദേശിയ്ക്കുന്നു.

വിശ്വസ്തതയോടെ,
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

**Signed by Bindu S**
**Date: 07-10-2022 15:51:58**

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

നമ്പർ. ആർ.ഇ1/60/2022/ത.സ്വ.ഭ.വ.

തിരുവനന്തപുരം,
ഫോൺ: 0471 2518874,
ഇ-മെയിൽ : lsgd.reso@gmail.com,
തീയതി: 01-03-2023.

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി അമ്പലപ്പുഴ സർക്കാർ കോളേജിനായി കൈമാറുന്നത് -തുടർ നടപടികൾ -സംബന്ധിച്ച്

സൂചന:- 01.10.2022 തീയിതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
ARUN.R
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signed by
Balasubrahmanian.k.k.
Date: 01-03-2023 12:24:44
സെക്ഷൻ ഓഫീസർ.

C1 - 7342/16
27/7/16.

*** ഭരണഭാഷ – മാതൃഭാഷ ***

# അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

അമ്പലപ്പുഴ.പി.ഒ, ആലപ്പുഴ–688561
ഫോൺ:0477-2272033, ഇ–മെയിൽ: ambalapuzhasouthgp@gmail.com

നമ്പർ :എ3/2213 /16 തീയതി : 21/07/2016

**പ്രേക്ഷകൻ,**

സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്,**

ബഹു. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ

**സർ,**

**വിഷയം** : അമ്പലപ്പുഴ തെക്ക് ഗ്രാമഞ്ചായത്ത് അധീനതയിലുള്ള പുറംപോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിനുള്ള അനുമതി ലഭിക്കുന്നത് സംബന്ധിച്ച്.

**സൂചന** :അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 4/07/2016–ലെ VIII(1)നമ്പർ തീരുമാനം.

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറംപോക്ക് സ്ഥലം യു.ജി.സി ധനസഹായം ലഭിക്കുന്ന ആവശ്യത്തിലേക്കായി വിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിന്, അനുമതി ലഭിക്കുന്നതിനായുള്ള സൂചന തീരുമാനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്ത് അനന്തര നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

തെക്കേ ഗ്രാമപഞ്ചായത്ത്
അമ്പലപ്പുഴ P.O
ആലപ്പുഴ.

**ഇംതിയാസ് അഹമ്മദ്.എ**
**സെക്രട്ടറി**
**അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്**

2|1

*** ഭരണഭാഷ മാതൃഭാഷ ***

-7342/16.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്, ആലപ്പുഴ,
ISO 9001 : 2008 അംഗീകൃത ആഫീസ്,
ഫോൺ : 0477 2251599
E-mail:- ddpalappuzha@gmail.com
തീയതി :

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നത് - സംബന്ധിച്ച്.

സൂചന:- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2016-ലെ എ3-2213/16-ാം നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭിച്ച അപേക്ഷ തുടർനടപടികൾക്കായി ഈ ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് സഹിതം തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.

5/10/16

2/2

# * ഭരണഭാഷ മാതൃഭാഷ *

നം.സി1-7342/16.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്, ആലപ്പുഴ,
ISO 9001 : 2008 അംഗീകൃത ആഫീസ്,
ഫോൺ : 0477 2251599
E-mail:- ddpalappuzha@gmail.com
തീയതി :

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറംമ്പോക്ക് സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് നൽകുന്നത്-റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2016-ലെ എ3-~~1028/15~~-ാം നമ്പർ കത്ത്.
2213/16

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം മേൽ വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ അറിവിനും അനന്തര നടപടികൾക്കുമായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

അമ്പലപ്പുഴ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള അമ്പലപ്പുഴ വില്ലേജ് ബ്ലോക്ക് നമ്പർ 16-ൽ റീസർവ്വേ നമ്പർ 588/3-ൽ ഉൾപ്പെട്ട 01.64.20 ഹെക്ടർ പുറംമ്പോക്ക് സ്ഥലം അതിന്റെ ഉടമസ്ഥത ഗ്രാമ പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗവ.കോളേജിന് കെട്ടിടം പണിയുന്നതിലേക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് അനുമതി നൽകുന്നതിന് 11/2/2011 ലെ സ.ഉ(സാധാ) 454/2011 തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ഗവ.കോളേജിന്റെ കെട്ടിടം പണിപൂർത്തിയായിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിൽക്കുന്നതിനാൽ യു.ജി.സി ഗ്രാന്റ് ലഭിക്കാതെ വരുകയും കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഇത് തടസ്സം സൃഷ്ടിക്കുകയും ചെയ്യുമെന്നതിനാലാണ് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 6 പ്രകാരം വിൽപ്പന വഴിയോ ചട്ടം 7 പ്രകാരം ലൈസൻസിൻ മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വസ്തുക്കൾ സൗജന്യമായി നൽകാൻ ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. വസ്തുവിന്റെ ഉടമസ്ഥത ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചാൽ മാത്രമേ യു.ജി.സി ഗ്രാന്റ് ലഭിക്കുകയുള്ളു എന്ന സാഹചര്യം കണക്കിലെടുത്ത് ടി ചട്ടങ്ങളിൽ ഇളവ് വരുത്തി പഞ്ചായത്ത്

ഭരണഭാഷ-മാതൃഭാഷ

നമ്പർ: സി1-7346/16

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്
ആലപ്പുഴ, തീയതി :
ഇ മെയിൽ : ddpalappuzhac1@gmail.com
ഫോൺ. 0477 2251599

---

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

പഞ്ചായത്ത് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് - ആലപ്പുഴ ജില്ല - അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകുന്നത് - നിലവിലെ അവസ്ഥ സംബന്ധിച്ച്:

സൂചന : ഈ ആഫീസിലെ 07/10/16ലെ ഇതേ നമ്പർ കത്ത്.

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലം യു.ജി.സി ധനസഹായം ലഭിക്കുന്ന ആവശ്യത്തിലേയ്ക്കായി വിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിനായുള്ള അപേക്ഷ സൂചന കത്ത് പ്രകാരം അങ്ങയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ടി വിഷയത്തിലെ നിലവിലെ അവസ്ഥ ഈ ആഫീസിനെക്കൂടി അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.

17.1.19

O/C

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

17/1/18

**ഉള്ളടക്കം**
സൂചന പ്രകാരം സമർപ്പിച്ച
അപേക്ഷയുടെ പകർപ്പ്.

FCD- 4-2-19

O.A/

***ഭരണഭാഷ – മാതൃഭാഷ***

സി3–7342/16

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ആലപ്പുഴ,
Email: ddpalappuzha@gmail.com,
Phone No:0477-2251599, 2252784
തീയതി : .08.2021.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം : അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് – പുറമ്പോക്ക് സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള അനുമതി – നിലവിലെ അവസ്ഥ അറിയുന്നത് സംബന്ധിച്ച്.

സൂചന : 1. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2016 തീയതിയിലെ എ3–2213/16 നമ്പർ കത്ത്

2. ഈ ആഫീസിലെ 07.10.2016, 24.01.219, 20.03.2020 തീയതികളിലെ സി1–7342/16 നമ്പർ കത്ത്

*മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിക്കുന്നു. മേൽ വിഷയത്തിൽ സൂചന (1) പ്രകാരം ഈ ആഫീസിൽ ലഭിച്ച അപേക്ഷ സൂചന (2) പ്രകാരം തുടർനടപടികൾക്കായി അങ്ങയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ഈ വിഷയത്തിൽ തീരുമാനമായിട്ടുണ്ടെങ്കിൽ ഈ ആഫീസിൽകൂടി അറിയിക്കണമെന്ന് അപേക്ഷിക്കുന്നു.*

വിശ്വസ്തതയോടെ,

9/8/21

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

04/08/21

email sent on 04/08/21 @ 11:50am

***ഭരണഭാഷ – മാതൃഭാഷ***

സി3-7342/16


പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, ആലപ്പുഴ.
Email: ddpalappuzha@gmail.com.
Phone No:0477-2251599, 2252784


തീയതി : .2021.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് – പുറമ്പോക്ക് സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ പുനസമർപ്പിക്കുവാൻ നിർദ്ദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന : 1. താങ്കളുടെ 21.07.2016 തീയതിയിലെ എ3-2213/16 നമ്പർ കത്ത്

2. ഈ ആഫീസിലെ 07.10.2016, 24.01.219, 20.03.2020 തീയതികളിലെ സി1-7342/16 നമ്പർ കത്ത്.

3. പഞ്ചായത്ത് ഡയറക്ടറുടെ 23.04.2021 തീയതി രേഖപ്പെടുത്തിയ പിഎഎൻ/5362/2021- സി2 (ഡിപി) നമ്പർ കത്ത്

*മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയത്തിൽ സൂചന 1 പ്രകാരം ഈ ആഫീസിൽ ലഭിച്ച അപേക്ഷ സൂചന (2) പ്രകാരം ~~തുടർനടപടികൾക്കായി~~ പഞ്ചായത്ത് ഡയറക്ടറുടെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ളതാണ്.ടി വിഷയത്തിൽ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി സർക്കാരിലേയ്ക്ക പുനർനിക്ഷിപ്തമാക്കുന്നതിന് പ്രൊപ്പോസൽ അടിയന്തിരമായി സമർപ്പിക്കുവാൻ സൂചന (3) പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ടി കത്തിന്റെ പകർപ്പ് താങ്കൾക്ക് നേരിട്ട് അയച്ചുനൽകിയിട്ടുള്ളതായും കാണുന്നു. മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ.218 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിയലും ചട്ടങ്ങൾ) എന്നിവ പരിശോധിച്ച് പ്രൊപ്പോസൽ അടിയന്തിരമായി പുനസമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.*

വിശ്വസ്തതയോടെ,

2/9/21

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

...sent on 13/09/21

24/8/21

*** ഭരണഭാഷ-മാതൃഭാഷ ***

4.04

C3 - 16450/21
1/11/21

C3
1/11/21

***ഒരു ഐ.എസ്.ഒ 9001:2015 അംഗീകൃത കാര്യാലയം***

# അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്

അമ്പലപ്പുഴ.പി.ഒ, ആലപ്പുഴ-688561

ഫോൺ:0477-2272033, ഇ-മെയിൽ: ambalapuzhasouthgp@gmail.com

നമ്പർ :എ3-4792/21(1)

തീയതി :22/10/2021

**പ്രേഷകൻ,**

സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്,**

ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

**സർ,**

**വിഷയം:**അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്- പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ട് നൽകുന്നത് സംബന്ധിച്ച്.

**സൂചന:** (1) ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 23/04/2021 ലെ PAN/5362/2021-C2(DP) നമ്പർ കത്ത്.
(2) അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16/09/2021 ലെ 12-ാം നമ്പർ തീരുമാനം.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് സൂചന(1) പ്രകാരം ബഹു.പഞ്ചായത്ത് ഡറക്ടറുടെ ഓഫീസിൽ നിന്നും ലഭിച്ച കത്ത് പഞ്ചായത്ത് ഭരണി സമിതി മുമ്പാകെ സമർപ്പിക്കുകയും സൂചന(2) തീരുമാന പ്രകാരം പ്രസ്തുത ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി റവന്യൂ വകുപ്പിന് പുനർനിക്ഷിപ്തമാക്കുന്നതിന് എടുത്ത തീരുമാനം ഉചിത മാർഗ്ഗേന ബഹു.പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ സമർപ്പിക്കുവാനുള്ള കത്ത് ഇതോടൊപ്പം ചേർത്ത് തുടർ നടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

**വിശ്വസ്തതയോടെ,**

(ഒപ്പ്)

(മുദ്ര: അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ISO 9001:2015 അംഗീകൃത കാര്യാലയം, അമ്പലപ്പുഴ പി.ഒ, ആലപ്പുഴ)

രാജ്കുമാർ ജി.
സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്
Ph. 9496043645

ഉള്ളടക്കം.

1. ബഹു. പഞ്ചായത്ത് ഡയറക്ടർ മുമ്പാകെ ഉചിത മാർഗ്ഗേന സമർപ്പിക്കുവാൻ തയ്യാറാക്കിയ കത്ത്.
2. സൂചന(2) പ്രകാരമുള്ള കമ്മിറ്റി തീരുമാനം

*** ഭരണഭാഷ-മാതൃഭാഷ ***

***ഒരു ഐ.എസ്.ഒ 9001:2015 അംഗീകൃത കാര്യാലയം***

# അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്

**അമ്പലപ്പുഴ.പി.ഒ, ആലപ്പുഴ-688561**

**ഫോൺ:**0477-2272033, **ഇ-മെയിൽ:** ambalapuzhasouthgp@gmail.com

---

**നമ്പർ :**എ3-4792/21

**തീയതി :**22/10/2021

**പ്രേഷകൻ,**

സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

**സ്വീകർത്താവ്,**

ബഹു. പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം
**(ഉചിത മാർഗ്ഗേന)**

**സർ,**

**വിഷയം:**അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്- പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ട് നൽകുന്നത് സംബന്ധിച്ച്.

**സൂചന:** (1) അങ്ങയുടെ 23/04/2021 ലെ PAN/5362/2021-C2(DP) നമ്പർ കത്ത്.
(2) അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 16/09/2021 ലെ 12-ാം നമ്പർ തീരുമാനം.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഗവ.കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന് സൂചന(1) പ്രകാരം അങ്ങയുടെ ഓഫീസിൽ നിന്നും ലഭിച്ച കത്ത് പഞ്ചായത്ത് ഭരണി സമിതി മുമ്പാകെ സമർപ്പിക്കുകയും സൂചന(2) തീരുമാന പ്രകാരം പ്രസ്തുത ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി റവന്യൂ വകുപ്പിന് പുനർനിക്ഷിപ്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനം ഇതോടൊപ്പം ചേർത്ത് തുടർ നടപടികൾക്കായി സമർപ്പിച്ചുകൊള്ളുന്നു.

**വിശ്വസ്തതയോടെ,**

രാജ്കുമാർ ജി.
സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്
Ph. 9496043645

ഉള്ളടക്കം.

1. സൂചന(2) പ്രകാരമുള്ള കമ്മിറ്റി തീരുമാനം

"ഭരണഭാഷ - മാതൃഭാഷ"

സി1-7342/2016

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
കാര്യാലയം, ആലപ്പുഴ.തീയ്യതി. /11/2021
Email : ddpalappuzha@gmail.com
Phone 0477-2251599

പ്രേഷകൻ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,

ആലപ്പുഴ.

സ്വീകർത്താവ്

ബഹു.പഞ്ചായത്ത് ഡയറക്ടർ

തിരുവനന്തപുരം.

സർ.

വിഷയം: അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്- പുറമ്പോക്ക് ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നത്- പ്രൊപ്പോസൽ സംബന്ധിച്ച്-

സൂചന :1. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.07.2016 തീയതിയിലെ എ3-2213/16 നമ്പർ കത്ത്

2. ഈ ആഫീസിലെ 07.10.2016, 24.01.219, 20.03.2020 തീയതികളിലെ സി1-7342/16 നമ്പർ കത്ത്.

3. അങ്ങയുടെ കാര്യാലയത്തിൽ നിന്നുള്ള 23.04.2021 തീയതിലെ പിഎഎൻ/5362/2021- സി2 (ഡിപി) നമ്പർ കത്ത്.

4. ഈ ആഫീസിലെ 02.09.2021 തീയതിയിലെ ഇതേ നമ്പർ കത്ത്.

5. അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.10.2021 തീയതിയിലെ എ3-4792/21 (1) നമ്പർ കത്ത്

മേൽ സൂചനകളിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സവിനയം ക്ഷണിച്ചു കൊള്ളുന്നു. മേൽ വിഷയത്തിൽ സൂചന (3) കത്ത് പ്രകാരമുള്ള അങ്ങയുടെ നിർദ്ദേശമനുസരിച്ച് സൂചന (5) പ്രകാരം അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച പ്രൊപ്പോസൽ തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്ത് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

21/11 22/11/21.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ.

FCN 22/11/21 21/11/21

File No.PAN/5362/2021-C2(DP)

C3 - 18352/21
6/12/21

C3
6/12/21

ഭരണഭാഷ-മാതൃഭാഷ

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ്,വികാസ് ഭവൻ പി ഓ,**
**തിരുവനന്തപുരം-695033**
**directorofpanchayatcsection@gmail.com**
**0471-2786317 തീയതി : 05/12/2021**

6/12/21
11:05

**പഞ്ചായത്ത് ഡയറക്ടർ**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് - ആലപ്പുഴ ജില്ല- അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്- ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നത് -പ്രൊപ്പോസൽ- സംബന്ധിച്ച്

സൂചന: 1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22/11/2021 ലെ സി 3-7342/2016 നമ്പർ കത്ത്

മേൽ വിഷയത്തിലേയ്ക്കും സൂചനിലേയ്ക്കും ശ്രദ്ധ ക്ഷണിയ്ക്കുന്നു

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടു നൽകുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് അനിവാര്യമായ താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തതായി കാണുന്നില്ല.

- വിട്ടു നൽകുന്ന ഭൂമിയുടെ വിസ്തൃതി, ബ്ലോക്ക്, സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്, ജില്ല എന്നിവയെല്ലാം വ്യക്തമായി രേഖപ്പെടുത്തിയ ഭരണ സമിതി തീരുമാനം.
- ഭൂമിയുടെ ബി ടി ആർ പകർപ്പ്.
- ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ്.
- ഭൂമിയുടെ സ്കെച്ചും പ്ലാനും.
- ഭൂമി ഏറ്റെടുക്കുന്ന വകുപ്പിൽ നിന്നുള്ള കത്ത്.
- ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന സാക്ഷ്യപത്രം.
- ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ട്.
- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വ്യക്തമായ ശുപാർശയോടു കൂടിയ റിപ്പോർട്ട്.

മേൽ പറഞ്ഞ രേഖകൾ സഹിതം പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

V V RAJEEV
SENIOR SUPERINTENDENT
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

<u>പകർപ്പ്</u>:-
സെക്രട്ടറി,അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

**ഭരണഭാഷ മാതൃഭാഷ**

സി3–7342/16

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
ആലപ്പുഴ, തീയതി,
E-mail:-ddpalappuzha@gmail.com
ഫോൺ:0477–2251599

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ.

സെക്രട്ടറി
അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ്– അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് – ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടുനല്കുന്നത് – പ്രപ്പോസൽ സംബന്ധിച്ച്.

സൂചന: ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 05/12/2021 തീയതിയിലെ പാൻ/5362/2021–സി2(ഡിപി) നമ്പർ കത്ത്.

മേൽ വിഷയം ശ്രദ്ധിക്കുക. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നതവിദ്യാഭ്യാസ വകുപ്പിന് വിട്ടുനല്കുന്നതിന് ബഹു.സർക്കാരിലേക്ക് പ്രപ്പോസൽ സമർപ്പിക്കുന്നതിന് അനിവാര്യമായ രേഖകൾ സമർപ്പിച്ചതായി കാണുന്നില്ലെന്നും ആയത് സഹിതം പ്രപ്പോസൽ പുതുക്കി സമർപ്പിക്കണമെന്നും സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ടി സാഹചര്യത്തിൽ താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്ത് പ്രപ്പോസൽ പുന:സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

- വിട്ടു നല്കുന്ന ഭൂമിയുടെ വിസ്തൃതി, ബ്ലോക്ക്, സർവ്വേ നമ്പർ, വില്ലേജ്, താലൂക്ക്, ജില്ല എന്നിവയെല്ലാം വ്യക്തമായി രേഖപ്പെടുത്തിയ ഭരണസമിതി തീരുമാനം.
- ഭൂമിയുടെ ബി ടി ആർ പകർപ്പ്
- ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ്
- ഭൂമിയുടെ സ്കെച്ചും പ്ലാനും
- ഭൂമി ഏറ്റെടുക്കുന്ന വകുപ്പിൽ നിന്നുള്ള കത്ത്.

## ഭരണഭാഷ മാതൃഭാഷ

സി3-111522/22

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

എം.എം.ബിൽഡിംഗ്(മൂന്നാംനില),കല്ലപാലത്തിന് സമീപം
ഇരുമ്പുപാലം.പി.ഒ,ആലപ്പുഴ 688011,ഫോൺ 0477 2251599
ഇമെയിൽ:ddpalappuzha@gmail.com,തീയതി: ApprovedDate#

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

സെക്രട്ടറി

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം- അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്-ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ഉന്നത വിദ്യാഭ്യാസ വകുപ്പിന് വിട്ടുനൽകുന്നത്- പ്രൊപ്പോസൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന-(1) ബഹു.ഡയറക്ടറുടെ PAN/16990/2022-C2(DP)dtd 12.12.2022 നമ്പർകത്ത്.
(2)സർക്കാരിൽ നിന്നുള്ള 01.10.2022 തിയതിയിലെ RE1/160/2022-LSGD നമ്പർകത്ത്.
(3) ഈ ഓഫീസിലെ 1031333/2022/C-DDPALP/dtd/15.12.2021 നമ്പർകത്ത്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്തിൻറെ അധീനതയിലുള്ള പുറമ്പോക്ക ഭൂമി അമ്പലപ്പുഴ സർക്കാർ കോളേജിന് വിട്ടുകൊടുക്കുന്നതിനായി ടി ഭൂമി റെവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കേണ്ടതുണ്ട്. ആയതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകുന്നതിനുള്ള അപേക്ഷയോടൊപ്പം ആവശ്യമുള്ള രേഖകൾ ഹാജരാക്കുന്നതിന് സൂചന (3) പ്രകാരം കത്ത് നൽകിയിരുന്നു.എന്നാൽ നാളിത് വരെ രേഖകൾ ഹാജരാക്കിയിട്ടില്ല എന്ന് ബഹു .പ്രിൻസിപ്പൽ സെക്രട്ടറി,ബഹു.പഞ്ചായത്ത് ഡയറക്ടർ എന്നിവർ സൂചന (1)(2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റ വ്യവസ്ഥകൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ അടിയന്തിര പ്രാധാന്യം നൽകി ആവശ്യമായ രേഖകൾ റിപ്പോർട്ട് സഹിതം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുന്നു.സൂചന കത്തുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

Signature Not Verified

Digitally signed by
SREEKUMAR S
Date: 2023.01.07 12:45:33 IST
Reason: Approved

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

ആലപ്പുഴ